ലോകത്തെ പിടിച്ചുകുലുക്കിയ
വാൾസ്ട്രീറ്റ് പ്രക്ഷോഭത്തിന്റെ
രാഷ്ട്രീയവും വെല്ലുവിളികളും
രണ്ട് അമേരിക്കൻ സ്വദേശികൾ
കേരളീയവുമായി പങ്കുവയ്ക്കുന്നു...

**ജോൺ മത്തിയാസ്,**
**ജെഫ് ആല്ബനീസ്**

# പിടിച്ചടക്കലുകൾ ആവശ്യപ്പെടുന്നതെന്ത്?

**ജോൺ മത്തിയാസ്/ ജെഫ് ആല്ബനീസ് :**
മിഷിഗൺ യൂണിവേഴ്സ്റ്റിയിലെ നരവംശശാസ്ത്ര ഗവേഷക വിദ്യാർത്ഥികൾ

വാൾസീറ്റ് പിടിച്ചെടുക്കൽ ആവശ്യപ്പെടുന്നതെന്താണ്? അമേരിക്കൻ മാധ്യമങ്ങൾ തുടരെത്തുടരെ ഈ ചോദ്യം ന്യൂയോർക്ക് പാർക്കുകളിൽ തമ്പടിച്ചിരിക്കുന്ന ജനങ്ങളോട് ചോദിക്കുന്നു. ഉത്തരമാകട്ടെ എപ്പോഴും വ്യത്യസ്തവും. ചിലപ്പോൾ ഒരു മറുപടിയുമുണ്ടായില്ലെന്നുംവരാം. ഇടതു വലതു ഭേദമന്യേ മിക്കവാറും അമേരിക്കൻ പൊതുജനങ്ങൾ, ഈ മുന്നേറ്റത്തിന് അതിന്റെ ആവശ്യങ്ങൾ വ്യക്തമാക്കാൻ കഴിയാത്തത് പരാജയമായി കാണുന്നു. ശത്രുക്കളാകട്ടെ ഈ സന്നാഹത്തിന് വ്യക്തമായ സന്ദേശങ്ങളേതുമില്ലെന്ന് പരിഹസിക്കുന്നു. ഇടതു മുന്നേറ്റത്തിനോട് അനുഭാവമുള്ളവർ വിമർശകർക്കു നേരെ നിരത്തിവെക്കുന്ന ആവശ്യങ്ങളാകട്ടെ പിടിച്ചടക്കലുകൾ ഉന്നയിക്കുന്നവയുമല്ല. മുഖ്യധാരാ മാധ്യമങ്ങൾ ഈ മുന്നേറ്റത്തെ അവഗണിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. എങ്കിലും സമരക്കാർ യാത്രാതടസ്സമുണ്ടാക്കി അറസ്റ്റുചെയ്യപ്പെടുന്നതിനാൽ മാധ്യമങ്ങൾക്ക് പൂർണ്ണമായും മുഖം തിരിക്കാനാകുന്നില്ല.




വാൾസ്ട്രീറ്റ് പിടിച്ചെടുക്കലുകാർ എന്തെങ്കിലും ആവശ്യപ്പെടുന്നുണ്ടോ? ഉത്തരം പറയാവുന്ന മറ്റൊരു ചോദ്യം വാൾസ്ട്രീറ്റ് പിടിച്ചെടുക്കലുകാർ എന്താവശ്യപ്പെടുന്നില്ല എന്നാണ്. ഈ മുന്നേറ്റത്തിന്റെ പ്രധാന മുദ്രാവാക്യം ആണ് "ഞങ്ങൾ 99%". ഏറ്റവും മുകളിലത്തെ തട്ടിലെ 1% പേരാണ് അമേരിക്കയിലെ 40% സമ്പത്തും കൈയാളിയിട്ടുള്ളതെന്നാണ് അത് അർത്ഥമാക്കുന്നത്. (ഏറ്റവും മുകളിലെ 10% പേർ 73% വും കൈയടക്കിയിരിക്കുന്നു). ഇതിനെതിരെയാണ് പിടിച്ചെടുക്കലുകാരും മറ്റും സമരം നടത്തുന്നത്. വാസ്തവത്തിൽ ഈ അസമത്വത്തെ പരിപോഷിപ്പിക്കുന്ന രാഷ്ട്രീയ സാംസ്കാരിക ഘടകങ്ങൾ എന്തെല്ലാമാണെന്ന് ആരെങ്കിലും ചോദിച്ചാൽ പിടിച്ചടക്കലുകാർക്ക് ഇന്നും ഉത്തരമില്ല.

മുഖ്യധാരാ മാധ്യമങ്ങൾക്കും രാഷ്ട്രീയ സ്ഥാപനങ്ങൾക്കും താദാത്മ്യം ചെയ്യാനാവാത്തതാണ് പിടച്ചടക്കലിന്റെ സന്ദേശം. അമേരിക്കൻ രാഷ്ട്രീയ വ്യവസ്ഥിതിയിൽ നിർദ്ദേശങ്ങളെല്ലാം ലോബിയിസ്റ്റുകളുടേതാണ്. രാഷ്ട്രീയക്കാരുടെ ജോലിക്കാരാണ് പുതിയ നയങ്ങളുണ്ടാക്കുന്നത്. ഒരു നിർദ്ദേശത്തിന്റെ സാങ്കേതിക മികവ് പ്രഗത്ഭർ വിലയിരുത്തിയശേഷം രണ്ടു പാർട്ടികൾക്കിടയിലായി ചർച്ചചെയ്യപ്പെടുന്നു. അമേരിക്കയുടെ പ്രശ്നങ്ങൾക്ക് വസ്തുതകൾ കണ്ടെത്തി നയപരമായി കൈകാര്യം ചെയ്താലേ പ്രതിസന്ധിക്ക് പരിഹാരമുണ്ടാകൂ എന്ന് പ്രസിഡന്റ് ഒബാമ പറയുമ്പോൾ അദ്ദേഹം അത്തരം രാഷ്ട്രീയത്തെ ഉദാഹരിക്കുകയാണ് ചെയ്യുന്നത്. ഇത് ഉറച്ച ലക്ഷ്യങ്ങളുടെയും ക്ലിപ്തമായ ഗുണങ്ങളുടെയും രാഷ്ട്രീയമാണ്. പിടിച്ചടക്കലു

കാരുടെ രാഷ്ട്രീയമാകട്ടെ, അലക്ഷ്യ പൂർണ്ണവും പരിമിതമായ ഉദ്ദേശങ്ങ ളുള്ളതുമാണ്.

## പിടിച്ചടക്കലിന്റെ രാഷ്ട്രീയം

വാൾസ്ട്രീറ്റ് പിടിച്ചടക്കലുകാർക്ക് രാഷ്ട്രീയം എന്നത് നടപടിക്രമത്തിന്റെ ഭാഗം മാത്രമാണ്. മാനസിക ഐക്യം ഇപ്പോൾ പ്രക്ഷോഭകർക്കിടയിൽ ഉണ്ടെങ്കിലും എന്താണ് ലക്ഷ്യമെന്ന് അവർക്ക് പറയാനാകുന്നില്ല. അവരുടെ രാഷ്ട്രീയം മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത് അസമത്വരഹിതമായി ഇപ്പോഴത്തെ രാഷ്ട്രീയം ക്രമപ്പെടുത്തുക എന്നതിലാണ്. പിടിച്ചടക്കലിൽ എന്തെങ്കിലും സന്ദേശമുണ്ടെങ്കിൽ അത് വളരെ ലളിതമായി, അമേരിക്കയിൽ രാഷ്ട്രീയം ഇതുപോലെയാകണം എന്നതുമാത്രമാണ്. "ഏതുപോലെ?" എന്ന് മാധ്യമങ്ങൾ ചോദിച്ചേക്കാം. അത് കൃത്യമായി ഞങ്ങൾക്ക് പറയാനാകില്ല എന്നാണ് പിടിച്ചടക്കലുകാർ മറുപടി പറയുന്നത്.

ഒബാമയുടെ രാഷ്ട്രീയം, നയസ്ഥാപനങ്ങൾ, മുഖ്യധാരാ മാധ്യമങ്ങൾ എന്നിവയ്ക്ക് ലക്ഷ്യവ്യക്തത നൽകുന്ന ഒരു സന്ദേശം വാൾസ്ട്രീറ്റ് പക്ഷോഭകർക്ക് തരാനാകില്ല. കാരണം ഇവരുടെ നടപടിക്രമങ്ങൾക്കു തന്നെ വെല്ലുവിളിയാകുന്ന സന്ദേശമാണ് അവർ മുന്നോട്ട് വയ്ക്കുന്നത്. പിടിച്ചെടുക്കൽ പ്രസ്ഥാനം, വളരെ വ്യക്തമായി 'പണക്കാരിൽനിന്നും കൂടുതൽ നികുതി പിരിക്കണം' എന്നാവശ്യപ്പെടുകയാണെങ്കിൽ ഒബാമക്ക് പുതിയൊരു നികുതി നയം രൂപപ്പെടുത്തി വളരെ എളുപ്പത്തിലതു നടപ്പാക്കാവുന്നതേയുള്ളൂ. തമ്പടിച്ചവരൊക്കെ വീട്ടിൽ പോവുകയും ചെയ്യും. എന്നാൽ, ഇപ്പോഴുള്ള രാഷ്ട്രീയം ശരിയല്ലെന്നു പറയുന്ന ഏറെ വ്യത്യസ്തമായ ഒരു രാഷ്ട്രീയക്രമമാണ് വാൾസ്ട്രീറ്റ് ഇപ്പോൾ മുന്നോട്ട് വയ്ക്കുന്നത്.

ഇത്രയൊക്കെയായാലും പിടിച്ചെടുക്കൽ വിജയിക്കുമോ എന്ന് ഉറപ്പൊന്നുമില്ല. എന്തായിരിക്കണം വിജയം എന്ന് ഇതുവരെ ഉറപ്പിക്കാത്തതുകൊണ്ട് എന്ന് വിജയമുണ്ടാകുമെന്ന് വിഭാവനം ചെയ്യാനുമാകില്ല. വാൾസ്ട്രീറ്റിൽ തമ്പടിച്ചവർ സമ്മിശ്രജീവിതം തുടരുന്നിടത്തോളം, രാഷ്ട്രീയം വ്യത്യസ്തമായി വ്യവഹരിക്കുന്നിടത്തോളം ഈ മുന്നേറ്റം തുടരുമെന്നേ ആർക്കും പറയാനാകൂ. അവർ തുടർന്നും ക്യാമ്പിൽ ജീവിച്ച്, തുടർന്നും ചർച്ച ചെയ്ത് ഒബാമയുടെ 2012 ലെ തിരഞ്ഞെടുപ്പ് പ്രചരണത്തെ ബഹിഷ്കരിക്കണം. മാധ്യമങ്ങളിലെ ചെറിയ പ്രസ്താവനകളിൽനിന്നും മാറിനില്ക്കണം.

**പല കാരണങ്ങൾ കൊണ്ടും വാൾസ്ട്രീറ്റ് പിടിച്ചടക്കൽ മുൻകാല സമരങ്ങളിൽനിന്നു വ്യത്യസ്ഥമാണ്. അവർ ഒന്നിച്ചുകൂടി പ്രകടനം നടത്തിയ ശേഷം തിരികെ വീട്ടിൽപ്പോവുകയല്ല ചെയ്തത്. മറിച്ച് ആ സ്ഥലം തന്നെ അവരുടെ വീടാക്കിത്തീർത്തു**

## വെല്ലുവിളികൾ

പിടിച്ചടക്കലുകാരുടെ യഥാർത്ഥ ആവശ്യമെന്തെന്ന് പ്രഖ്യാപിക്കുന്ന പല ബ്ലോഗുകൾ ദിവസവും പ്രവഹിക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതിൽ ഏതെങ്കിലും ഒരു വിശദീകരണം പിടിച്ചടക്കലിന്റെ ആവശ്യമായി മറ്റ് വിശദീകരണങ്ങൾക്കു മേൽ ആധിപത്യം നേടും എന്നതാണ് ഇതിലെ ഭീഷണി. മാധ്യമങ്ങൾ ഇതെല്ലാം ഏറ്റെടുക്കുന്നതോടെ രാഷ്ട്രീയം രൂപീകരിക്കാനുള്ള വാൾസ്ട്രീറ്റ് പ്രക്ഷോഭത്തിന്റെ ശ്രമങ്ങൾ അസ്ഥാനത്താകും. മറ്റൊരു തരത്തിൽ പറഞ്ഞാൽ മുന്നേറ്റത്തിന്റെ വിശാല താത്പര്യങ്ങൾ, ആവശ്യങ്ങളുടെ പട്ടികയായി ലഘൂകരിക്കപ്പെടുകയും തുടർന്ന് പ്രക്ഷോഭകരുടെ വിശദീകരണങ്ങൾ ആവശ്യമില്ലാതെ വരികയും ചെയ്യുന്നു. ക്യാമ്പുകാർ മറ്റേതൊരു സമരക്കാരേയും പോലെ മാധ്യമ രാഷ്ട്രീയ ശക്തികളുടെ ഒത്തുതീർപ്പുകൾക്ക് വഴങ്ങാവുന്ന രൂപത്തിലായിത്തീരും. നിലവിലെ രാഷ്ട്രീയ നടപടിക്രമങ്ങളെ വെല്ലുവിളിക്കാമെന്ന ആശ അതോടെ അസ്തമിക്കും. ഈ ദുർഗതി ഒഴിവാക്കാൻപിടിച്ചെടുക്കൽ പ്രസ്ഥാനക്കാർ (വാൾസ്ട്രീറ്റ് അംഗങ്ങൾ പ്രത്യേകിച്ചും) ശ്രദ്ധിക്കേണ്ടതുണ്ട്. ഔദ്യോഗികമല്ലാത്ത പ്രസ്താവനകൾ നിഷേധിച്ചുകൊണ്ടിരിക്കണം. പ്രശസ്തരുടേയും അപ്രശസ്തരുടെയും അഭിപ്രായങ്ങൾ ഒരുപോലെ കണക്കിലെടുക്കണം. മാനസിക അക്യം സ്വരൂപിക്കുക എന്നത് പ്രധാനമാണ്.

രണ്ടാമതായി, ശൈത്യകാലം വരികയാണ്. പ്രത്യേകിച്ചും വടക്കൻ ഭാഗങ്ങളിൽ ഇത് ബുദ്ധിമുട്ടുകളുണ്ടാക്കും. പലരും തണുപ്പിനെ അതിജീവിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പണം വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും ശൈത്യം ഇപ്പോൾ വാൾസ്ട്രീറ്റിൽ തുടരുന്ന മിശ്രജീവനത്തിന് പുതിയ വെല്ലുവിളികളുയർത്തും എന്നുറപ്പാണ്. അതുകൊണ്ട് ഒത്തൊരുമയുള്ള ജീവിതം എന്താണെന്ന് പൊതുസമൂഹത്തിന് കാണിച്ചുകൊടുക്കാൻ, ഈ തണുപ്പുകാലം പ്രക്ഷോഭകാരികൾ ഒരു നല്ല അവസരമായി എടുക്കണം.

മൂന്നാമതായി ഈ മിശ്രജീവനത്തിൽ ആരൊക്കെ ഉൾപ്പെടും എന്നുള്ളതാണ്. വാൾസ്ട്രീറ്റിലെ ക്യാമ്പുകളിലേക്ക് വീടില്ലാത്ത ആളുകളുടെ വരവ് കൂടുന്നു എന്നത് ശ്രദ്ധേയമായ സംഗതിയാണ്. അവരെ എന്തുചെയ്യണമെന്നതിനെക്കുറിച്ച് വളരെയേറെ ചർച്ചകൾ നടക്കുന്നുണ്ട്. കാലാകാലങ്ങളായി മാധ്യമങ്ങൾക്ക് താത്പര്യമില്ലാത്തവരാണവർ. വീടില്ലാത്തവർ, എന്തുകൊണ്ടവർ വീടില്ലാത്തവരായി എന്ന ചോദ്യം അമേരിക്കൻ പൊതുസമൂഹത്തിന് ഇപ്പോഴും ഉത്കണ്ഠയുളവാക്കുന്നതാണ്. വീടില്ലാത്തവരാകട്ടെ മാധ്യമങ്ങളിലോ, സർക്കാരിലോ ഇടപെടുന്നേയില്ല. എവിടെയാണോ ചെന്നുപെടുന്നത്, അവിടെത്തന്നെ എങ്ങനെയെങ്കിലും ജീവിച്ചുതീർക്കാൻ തത്രപ്പെടുകമാത്രമാണ് അവർ ചെയ്യുന്നത്. ഒരു പക്ഷേ ഇവരുടെ ഈ ജീവിതപരിചയം പിടിച്ചെടുക്കലുകാർക്ക് ഉപകാരപ്പെട്ടേക്കാം.

## ഉപസംഹാരം

പല കാരണങ്ങൾ കൊണ്ടും വാൾസ്ട്രീറ്റ് പിടിച്ചടക്കൽ മുൻകാല സമരങ്ങളിൽനിന്നു വ്യത്യസ്ഥമാണ്. അവർ ഒന്നിച്ചുകൂടി പ്രകടനം നടത്തിയ ശേഷം തിരികെ വീട്ടിൽപ്പോവുകയല്ല ചെയ്തത്. മറിച്ച് ആ സ്ഥലം തന്നെ അവരുടെ വീടാക്കിത്തീർത്തു. പിടിച്ചടക്കലിനോട് മാധ്യമങ്ങൾ ഇത്രയും അസഹിഷ്ണുക്കളാകാൻ കാരണവും ഇതാണ്. വാൾസ്ട്രീറ്റിൽ തമ്പടിച്ചവർ തിരികെ പോയിരുന്നെങ്കിൽ ഏതൊരു രാഷ്ടീയ സമരവും പോലെ അതും ആയിത്തീരുമായിരുന്നു. പ്രത്യേകിച്ച് അജണ്ടകളൊന്നും മുന്നോട്ടുവയ്ക്കാതെ രാഷ്ട്രീയ പ്രവർത്തനം എങ്ങനെ നടത്താമെന്ന് വാൾസ്ട്രീറ്റ് അമേരിക്കയ്ക്ക് കാണിച്ചുകൊടുക്കുന്നു.

(പരിഭാഷ: അജിതൻ)